ഖുത്ബ നമ്പർ

# 34

24-08-2012

بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الكريم O وعلیٰ عبده المسيح الموعود

# ജുമുഅ ഖുത്ബ

# ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

## ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز

വിവർത്തനം: ടി.എം. അബ്ദുൽ മുജീബ്, മുബല്ലിഗ് കാക്കനാട്



ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ ബൈഅത്തിന്റെ സംഭവങ്ങൾ പറയുന്നതാണ്. പ്രത്യേകിച്ച് അറബ് രാഷ്ട്രങ്ങളിൽ നിന്ന് അധികവും ഞങ്ങൾക്ക് സഹാബാക്കളുടെ സംഭവങ്ങൾ കേൾപ്പിക്കണമെന്ന് ആവശ്യം ഉണ്ടാകാറുണ്ട്. കാരണം ഓരോ സംഭവത്തോടൊപ്പം ഞങ്ങൾക്ക് സഹാബാക്കളുടെ ആത്മാർത്ഥതയും കൂറും ത്യാഗങ്ങളും അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം പ്രയാസമേറിയ അവസ്ഥകളിലൂടെയുള്ള ജീവിതത്തെക്കുറിച്ചും അറിവ് ലഭിക്കുന്നു. അതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിലെ സഹവാസവും ലഭിക്കുന്നു. ഏത് വിഷയത്തിലധിഷ്ഠിതമായിട്ടുള്ള ഏതു സംഭവമാണെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചരിത്രത്തിന്റെ ഉന്നതമായ വശങ്ങൾ മുന്നിൽ വരുന്നു. മസീഹ് മൗഊദ് (അ) ന്റെ സദസ്സിന്റെ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നു. നമ്മുടെ മുന്നിൽ ഈ സഹാബാക്കളും ഈ കാലഘട്ടത്തിൽ മാതൃകയാണ്. കാരണം അവർ **വആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്നതിന്റെ നേരിട്ടുള്ളതും യാഥാർഥ്യവുമായ സാക്ഷ്യപത്രമാണ്. നമുക്ക് വേണ്ടി ഈ കാലഘട്ടത്തിൽ ആത്മീയ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗത്തിൽ സ്വയം മാതൃക നിലനാട്ടി നമ്മുടെ മാർഗം എളുപ്പമാക്കിത്തന്നിരിക്കുന്നു. അതിനാൽ ഈ സംഭവങ്ങൾ ആ മഹത്തുക്കളുടെ കുടുംബങ്ങൾക്കുവേണ്ടി പ്രാധാന്യമർഹിക്കുന്നതും അനുകരണയോഗ്യവുമാണ്. മാത്രമല്ല, കടന്നുവരുന്ന ഓരോ അഹ്മദിയുടേയും വിശ്വാസത്തിൽ പുരോഗതിയും സ്ഥൈര്യവും നിലനാട്ടുന്നു. ആയതിനാൽ നവഅഹ്മദികളും പ്രത്യേകിച്ച് ഇത് ആവശ്യപ്പെടാറുണ്ട്. ഞാൻ പറഞ്ഞതുപോലെ മസീഹ് മൗഊദ് (അ) ന്റെ ചരിത്രത്തിന്റെ ഭാഗം നമുക്ക് മനസ്സിലാകുകയും അത് നമ്മുടെ വിശ്വാസത്തിൽ ഉണർവ്വ് നൽകുകയും ചെയ്യുന്നു.

ആദ്യത്തേത് ഹദ്റത്ത് നിസാമുദ്ദീൻ സാഹിബിന്റെ രിവായത്താണ് . മുമ്പൊരിക്കൽ മറ്റൊരു രീതിയിൽ പരാമർശിച്ചിട്ടുണ്ട്. പറയുന്നു. ഞങ്ങൾ അഹ്ലെ ഹദീസ് സ്വയം മുത്തഖിയും എല്ലാ നിഷിദ്ധ കാര്യങ്ങളിൽ നിന്നും കളവിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നവരുമായി ഗണിക്കുന്നു. മാർച്ച് മാസത്തിലെ ഒരു ദിവസം 1902 ലെ സംഭവമാണെന്ന് തോന്നുന്നു. ഞങ്ങൾ കുറച്ച് അഹ്ലെ ഹദീസുകാർ ജഹ്ലമിൽ നിന്ന് അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാം ലാഹോറിന്റെ ജൽസ ശ്രവിക്കുന്നതിനായി ലാഹോറിലേക്ക് പുറപ്പെട്ടു. അത് എല്ലാ വർഷവും ഉണ്ടാകുമായിരുന്നു. ലാഹോറിലെത്തി ജൽസാഗാഹിലേക്ക് പുറപ്പെടുകയായിരുന്ന ഞങ്ങൾ പന്തലിനു പുറത്ത് മതിലിനോട് ചേർന്ന് ഒരു മൗലവി സാഹിബ് എന്തോ പറയുന്നതായി കേട്ടു. ഒരു കയ്യിൽ വിശുദ്ധ ഖുർആനായിരുന്നു. മറ്റേ കൈ കൊണ്ട് ചെറിയ ചെറിയ വിജ്ഞാപനങ്ങൾ വിതരണം ചെയ്യുകയായിരുന്നു. നബിമാരെ അപമാനിക്കുകയും സ്വയം ഈസ എന്ന് പറയുകയും ചെയ്യുന്ന കാരണത്താൽ മിർസാ കുഷ്ഠരോഗിയായിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടിരുന്നു. അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു. പറയുന്നു. ഇത് കേട്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. ഒരു വ്യക്തി അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടും കയ്യിൽ വിശുദ്ധ ഖുർആൻ എടുത്ത്കൊണ്ടും കളവ് പറയുന്നത് ചിന്തിക്കാൻ പോലും കഴിയില്ലായിരുന്നു. പറയുന്നു, ഞങ്ങൾ മൂന്നു പേരായിരുന്നു. ഞാൻ ആ വിജ്ഞാപനം വാങ്ങി വായിക്കാൻ തുടങ്ങി. അതിലും നഊദുബില്ലാഹ് മിർസാ കുഷ്ഠരോഗിയായിരിക്കുന്നു, നബിമാരെ അപമാനിക്കുന്നു തുടങ്ങിയ വിഷയങ്ങൾ തന്നെയായിരുന്നു. ഞാനെന്റെ സഹയാത്രികരോട് പറഞ്ഞു, ഖാദിയാനിലേക്ക് പോകാം. അല്ലാഹു ഇവരെ നേർമാർഗത്തിലേക്ക് കൊണ്ട് വരികയും ബൈഅത്തിനുള്ള അവസരം നൽകുകയും ചെയ്യണമായിരുന്നു. വിളംബരപ്പെടുത്തിയിരുന്ന ഈ മൗലവി ഇവരുടെ ഖാദിയാൻ യാത്രക്കുള്ള നിമിത്തമായി. പറയുന്നു, ഖാദിയാനിലെത്തി മിർസാ സാഹിബിന്റെ അവസ്ഥകൾ സ്വന്തം കണ്ണ്കൊണ്ട് കണ്ട് ദിവസവും നമ്മോട് സംസാരിക്കുന്ന നാട്ടിലെ മിർസായികളോട് പറയാം. അതുപോലെ14-ാം നൂറ്റാണ്ടിലെ നിങ്ങളുടെ പണ്ഡിതന്മാർ കളവു പറയുന്നു എന്ന ആക്ഷേപം ഉന്നയിക്കുന്നവർക്ക് അതായത് അഹ്മദികൾക്ക് മറുപടിയും പറയാം. നമ്മൾ പറയുന്നത് സ്വന്തം കണ്ണുകൊണ്ട് കണ്ടതായിരിക്കും. അങ്ങിനെ അഹ്മദികളെ നല്ലപോലെ നമുക്ക് വ്യാജപ്പെടുത്താം. പറയുന്നു, എന്റെ സഹയാത്രികർ ആദ്യം നിഷേധിച്ചെങ്കിലും ഞാൻ നിർബന്ധിച്ചപ്പോൾ സമ്മതിച്ചു. ഞങ്ങൾ മൂന്നുപേരും ലാഹോറിൽ നിന്ന് ബട്ടാലയിലേക്ക് പുറപ്പെട്ടു. അവിടെ നിന്ന് വൈകുന്നേരം അസറിന് ശേഷം ഖാദിയാനിലെത്തി. അതിഥി മന്ദിരത്തിൽ ചെന്നു. മഗ്രിബിന്റെ സമയം അടുത്തിരുന്നു. മിർസാ സാഹിബ് നമസ്ക്കരിക്കുന്ന സ്ഥലം ഞങ്ങൾക്ക് പറഞ്ഞുതരിക, അടുത്ത് നിന്ന് അദ്ദേഹത്തെ കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്ന് ഒരു വ്യക്തിയോട് പറഞ്ഞു. ഞങ്ങൾ ചോദിച്ച അതേ വ്യക്തി തന്നെയാണെന്ന് തോന്നുന്നു എന്നോടൊപ്പം വന്ന് ഹുസൂർ നമസ്ക്കരിക്കുന്നുണ്ടായിരുന്ന സ്ഥലം കാണിച്ചുതന്നു. സമയം അടുത്തതിനാൽ ഞാൻ അവിടെതന്നെ ഇരുന്നു. അവിടെ ഹുസൂർ എന്റെ അടുക്കൽ വലതുഭാഗത്തായി വന്ന് ഇരുിക്കണമായിരുന്നു. മറ്റ് രണ്ട് സുഹൃത്തുക്കളും എന്റെ ഇടതു ഭാഗത്തായി ഇരുന്നു.ഈ പള്ളി ഹുസൂറിന്റെ വീടിനോട് ചേർന്നായിരുന്നു. അതിനെ മസ്ജിദ് മുബാറക് എന്നാണ് പറയപ്പെടുന്നത്.

അക്കാലത്ത് അത് വളരെ ചെറുതായിരുന്നു. നീളത്തിൽ ആറോ ഏഴോ സഫ്ഫേ നിൽക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഒരു സഫ്ഫിൽ ആറിൽ കൂടുതൽ പേർക്ക് നിൽക്കാനും സാധിക്കുമായിരുന്നില്ല. അതായത് 35, 40 പേർക്കുള്ള സ്ഥലമേ ഉണ്ടായിരുന്നുള്ളൂ. പറയുന്നു. അൽപനേരത്തിനു ശേഷം മഗ്രിബ് ബാങ്കു

കൊടുത്തു. ഏതാനും മിനിറ്റുകൾക്ക് ശേഷം ഹദ്റത്ത് അഖ്ദസ് വന്നു. വാതിൽ ഞങ്ങളുടെ അടുത്ത് തന്നെയായിരുന്നു. ഹുസൂർ അതിലൂടെ വന്ന് എന്റെ അടുത്ത് നിന്നു. മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂം(റ) മുന്നിൽ നിന്നു. മുഅദ്ദിൻ തക്ബീർ ആരംഭിച്ചു. തക്ബീർ അവസാനിക്കുന്നതിനു മുമ്പ് തന്നെ ഞാൻ ഹുസൂറിന്റെ കാൽപാദം മതൽ തലവരെയുള്ള എല്ലാ അവയവങ്ങളേയും നോക്കി. തലമുടിയിലും രോമങ്ങളിലും എന്റെ ദൃഷ്ടി പതിച്ചപ്പോൾ എന്റെ ഹൃദയാവസ്ഥയിൽ തന്നെ പരിവർത്തനം ഉണ്ടായി. ഞാൻ മനസ്സിൽ പറഞ്ഞു. അല്ലാഹുവേ! ഈ രൂപത്തിലും ആകാരത്തിലുമുള്ള വ്യക്തിയെ ഞാനിതുവരെ കണ്ടിട്ടില്ല. മുടികൾ സ്വർണ്ണത്തിന്റെ നൂലുകളെപോലെയിരുന്നു. പരിപൂർണ്ണ ലജ്ജയുടെ മാതൃക പ്രദർശിപ്പിക്കുന്ന പാതി അടഞ്ഞ കണ്ണുകൾ. കയ്യിന്റേയും കാലിന്റെയും സൗന്ദര്യം ഹൃദയത്തെ ആകർഷിക്കുന്നതായിരുന്നു. അല്ലാഹുവേ! ഞങ്ങളുടെ മൗലവിമാർ കള്ളനെന്നും നബിമാരെ അപമാനിക്കുന്ന വ്യക്തിയെന്നും പറയുന്ന ആൾ ഇതുതന്നെയാണോ എന്ന ചിന്തയിൽ നിമഗ്നനായ സമയത്ത് ഇമാം അല്ലാഹു അക്ബർ എന്ന് പറയുകയും നമസ്കാരം ആരംഭിക്കുകയും ചെയ്തു. നമസ്കാരത്തിലായിരുന്നുവെങ്കിലും സലാം വീട്ടുന്നതുവരെ ഞാൻ അത്ഭുതപരതന്ത്രനായിരുന്നു. അല്ലാഹുവേ! താടി വളർത്തി ശർഇയായ നിലയിൽ മീശ വടിച്ച ഞങ്ങളുടെ മൗലവി വിശുദ്ധ ഖുർആൻ കയ്യിലെടുത്ത് സത്യം ചെയ്ത് പറയുന്നു. വളരെ അപഹാസ്യമായ വാക്കുകളിൽ ഹുസൂറിന്റെ പേര് പറഞ്ഞ് പറയുന്നു മിർസാ നഊദുബില്ലാഹ് കുഷ്ഠരോഗിയായിരിക്കുന്നു. ഈ ചിന്ത എന്റെ മനസ്സിൽ സംശയത്തിന്റെ മറ്റൊരു നദിതന്നെ ഒഴുക്കി. ചിലപ്പോൾ മനസ്സ് പറയുന്നു, ഖുർആൻ എടുത്ത് അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നയാൾ കളവ് പറയുമോ? അവരുടെ മൗലവി എന്തല്ലാം പറയുമെന്ന ധാരണയില്ലായിരുന്നു. ഒരു പക്ഷേ നമസ്ക്കാരത്തിനായി നിൽക്കുന്ന ഈ വ്യക്തി മിർസയല്ല മറ്റാരെങ്കിലുമായിരിക്കാം. നവാഗതരെ വഞ്ചിക്കുവാനായി ഇങ്ങനെ ചെയ്യുന്നതായിരിക്കാം. ചിലപ്പോൾ ഹുസൂറിന്റെ പ്രകാശിക്കുന്ന മുഖം മുന്നിൽ വരുമ്പോൾ മനസ്സ് പറയുന്നു. സത്യം ചെയ്ത് പറയുന്നയാൾ ശത്രുത കാരണത്താൽ ജനങ്ങൾ അത് കേട്ടുകൊണ്ട് ഖാദിയാനിലേക്ക് പോകാതിരിക്കുവാനായി കളവ് പറയുന്നതായിരിക്കാം. അങ്ങനെ നമസ്കാരം മുഴുവനായി. ഹുസൂർ ഇരിപ്പിടത്തിൽ ഇരുന്നു. മുഫ്തി സാഹിബുണ്ടെങ്കിൽ മുന്നോട്ട് വരിക എന്നാദ്യം പറഞ്ഞു. മുഫ്തി സാഹിബ് മുന്നോട്ട് വന്നപ്പോൾ ഹുസൂർ പറഞ്ഞു. മൗലവി സാഹിബ് എവിടെ? അപ്പോൾ മൗലവി സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലവി നൂറുദ്ദീൻ സാഹിബ്ഏറ്റവും പിന്നിലെ സ്വഫ്ഫിൽ നിന്ന് എഴുന്നേറ്റ് വരുന്നതായി ഞാൻ കണ്ടു. ഹുസൂർ പ്ലേഗിനെ കുറിച്ച് സംസാരിക്കാൻ തുടങ്ങി. പറഞ്ഞു, നാം മുമ്പേ തന്നെ ജനങ്ങളോട് പറഞ്ഞിരുന്നു. ഞാൻ മലക്കുകളെ പഞ്ചാബിൽ കറുത്ത നിറത്തിലുള്ള ചെടി നടുന്നതായി കണ്ടിരുന്നു. എന്താണെന്ന് ചോദിച്ചപ്പോൾ ഇത് പ്ലേഗിന്റെ മരമാണെന്ന് അവർ മറുപടി പറഞ്ഞു. ഇത് അടുത്ത കാലാവസ്ഥയിൽ പഞ്ചാബിൽ വെളിപ്പെടുന്നതാണ്. എന്നാൽ ജനങ്ങൾ അതിനെ പരിഹസിച്ചുകൊണ്ട് പറഞ്ഞു, പ്ലേഗ് എപ്പോഴും സമുദ്രതീരങ്ങൾ വരെയെ എത്തിയിട്ടുള്ളൂ രാജ്യത്തിനുള്ളിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ നോക്കുക. പഞ്ചാബിന്റെ ചില പട്ടണങ്ങളിൽ അത് പൊട്ടിപുറപ്പെട്ടിരിക്കുന്നു. അങ്ങിനെ ഇശാ വരെ ഹുസൂർ സംസാരിച്ചുകൊണ്ടിരുന്നു. ഇശാ നമസ്കാരം അനുഷ്ഠിച്ചതിനുശേഷം ഹുസൂർ അകത്തേക്ക് പോയി. ഞങ്ങളും തിരിച്ചുവന്ന് കിടന്നുകൊണ്ട് ഇങ്ങിനെ സംസാരിച്ചുകൊണ്ടിരുന്നു. എന്താണിത്? നമ്മുടെ മൗലവിമാർ ഖുർആൻ കയ്യിലെടുത്ത് അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടാണ് പറഞ്ഞത്. എന്നാൽ ഇവിടെ സംഗതി നേരെ വിരുദ്ധമാണ്. രാവിലെ ഞങ്ങൾ എണീറ്റപ്പോൾ ഇവിടെയുള്ള ഈ മിർസാ സാഹിബ് തന്നെയാണോ യഥാർത്ഥ മിർസാ സാഹിബ് അതോ മറ്റാരെങ്കിലുമാണോ എന്ന് മൗലവി നൂറുദ്ദീൻ സാഹിബിനോട് തന്നെ ചോദിക്കാം അദ്ദേഹം സത്യം പറയും എന്നു കരുതി. അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നപ്പോൾ ഒരു മൗലവി സാഹിബ് ആക്ഷേപം പറഞ്ഞു. മുമ്പുള്ള എല്ലാ നബിമാരും വലിമാരും ദിവസങ്ങളോളം പട്ടിണി കിടന്നശേഷം തികച്ചും ലളിതമായ ഭക്ഷണമാണ് കഴിക്കാറുണ്ടായിരുന്നത്. എന്നാൽ മിർസാ സാഹിബ് നെയ്ചോറും മധുരചോറും കഴിക്കാറുണ്ടെന്ന് കേട്ടു. ഖലീഫ അവ്വൽ അവരോട് മറുപടിയായി പറഞ്ഞു. മൗലവി സാഹിബ് ഞാൻ വിശുദ്ധ ഖുർആനിൽ നെയ്ചോറും മധുരചോറും ഹലാലാണെന്ന് തന്നെയാണ് പാരായണം ചെയ്തിട്ടുള്ളത്. ഹറാമാണെന്ന് താങ്കൾ എവിടെയെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ പറഞ്ഞുതരിക. കുറച്ചു നേരത്തെക്ക് ആ മൗലവി നിശബ്ദനായപ്പോൾ ഞാൻ ആ വിജ്ഞാപനം പോക്കറ്റിൽ നിന്നെടുത്ത് മൗലവി സാഹിബിന്റെ മുന്നിൽ വെച്ചു. ഞങ്ങളുടെ മൗലവി ഖുർആൻ കയ്യിലെടുത്ത് സത്യം ചെയ്തുകൊണ്ട് നഊദുബില്ലാഹ് മിർസാ കുഷ്ഠരോഗിയായിരിക്കുന്നുവെന്ന് പറയുന്നു. ഞങ്ങളോട് മിർസാ സാഹിബാണെന്ന് പറയപ്പെട്ട വ്യക്തിയാണെങ്കിൽ ആരോഗ്യവാനുമാണ്. ഞങ്ങൾ നമസ്കാരത്തിൽ കണ്ട വ്യക്തി തന്നെയാണോ മിർസാ സാഹിബ് അല്ലെങ്കിൽ മറ്റാരെങ്കിലുമാണോ എന്ന് താങ്കൾ തന്നെ പറഞ്ഞുതരിക. അപ്പോൾ ഖലീഫ അവ്വൽ ഉടൻ പോക്കറ്റിൽ കയ്യിട്ടു. അതേ വിജ്ഞാപനം പുറത്തെടുത്ത് കാണിച്ചിട്ട് പറഞ്ഞു, നോക്കുക നിങ്ങളുടെ മൗലവിമാർ ഞങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഇത് മിർസായാകുന്നു. അത് നിങ്ങളുടെ മൗലവിയാകുന്നു. അവർ ഖുർആൻ കയ്യിലെടുത്ത് കളവ് പറയുന്നു. ആരെ വേണമെങ്കിലും നിങ്ങൾ സത്യമായി മനസ്സിലാക്കുക. പിന്നീടെന്താണ് സംഭവിച്ചത്. എന്റെ കണ്ണുനീർ ഒഴുകാൻ തുടങ്ങി. ഞാൻ മനസ്സിൽ പറഞ്ഞു. നിർഭാഗ്യവാനോ! ഇനിയും ബൈഅത്ത് ചെയ്യുന്നില്ലേ? ഈ മൗലവിമാർ കാലഘട്ടത്തിലെ യഥാർത്ഥ ദജ്ജാലാകുന്നു. ഞങ്ങൾ മൂന്നുപേരും ളുഹറിന്റെ സമയത്ത് ഹുസൂറിന്റെ സമക്ഷത്തിൽ ഞങ്ങളുടെ ബൈഅത്ത് സ്വീകരിക്കുക എന്നപേക്ഷിച്ചു. ഹുസൂർ പറഞ്ഞു. ധൃതി കാണിക്കേണ്ട കുറച്ചു ദിവസം തങ്ങുക. മൗലവിമാർ വീണ്ടും നിങ്ങളെ ചതിക്കുകയാണെങ്കിൽ നിങ്ങൾ കൂടുതൽ പാപികളായിത്തീരും. ഞാൻ കരഞ്ഞ് കരഞ്ഞ് പറഞ്ഞു. ഹുസൂർ ഞാനൊരിക്കലും വഞ്ചിക്കപ്പെടുന്നതല്ല. അങ്ങിനെ രണ്ടാം ദിവസം ഞങ്ങൾ മൂന്നുപേരും ബൈഅത്ത് ചെയ്തു. പിന്നീട് വീട്ടിലേക്കു മടങ്ങി.

ഹദ്റത്ത് മിയാൻ അബ്ദുൽ അസീസ് സാഹിബ് നിവേദനം ചെയ്യുന്നു. 1891 ൽ ഹൽഖ സേഖ്വാനിലേക്ക് എന്റെ മാറ്റം ഉണ്ടായപ്പോൾ മിയാൻ ജമാലുദ്ദീൻ സാഹിബ്, മിയാൻ ഇമാമുദ്ദീൻ സാഹിബ്, മിയാൻ ഫഖറുദ്ദീൻ സാഹിബ് എന്നിവരുമായി പരിചയമുണ്ടായിരുന്നു. അവർ മസീഹ് മൗഊദ് (അ) ന്റെ മസീഹും മഹ്ദിയുമാണെന്ന വാദത്തെ സംബന്ധിച്ച് പരാമർശിച്ചു. ഹുസൂറിനെ സംബന്ധിച്ച് എന്റെ ഹൃദയത്തിൽ വിദ്വേഷമോ ശത്രുതയോ ഇല്ലാതിരുന്നതിനാൽ അവർ പറഞ്ഞതിനെ ഞാൻ എതിർത്തില്ല. മൗലവിമാർ എന്തിനാണിങ്ങനെ പറയുന്നത് എന്ന് മാത്രം ചിന്തിച്ചു. അതിനുകാരണം വിനീതന്റെ പൂർവ്വികന്മാർ ദീനുമായി ബന്ധപ്പെട്ടവരായിരുന്നതിനാൽ അധികവും മൗലവിമാരെ ഇഷ്ടപ്പെട്ടിരുന്നു. വിനീതൻ മൗലവിമാരെ അനുസരിക്കുന്നതിനുള്ള കാരണവും ഇതുതന്നെയായിരുന്നു. അവർ എനിക്ക്

ഇസാലയെ ഔഹാം എന്ന ഗ്രന്ഥം വായിക്കുന്നതിനായി തന്ന പ്പോൾ ഗ്രന്ഥം വായിക്കുന്നതിനുമുമ്പ് തന്നെ ഞാൻ ദുആ ചെയ്തു. അല്ലാഹുവേ! ഞാൻ അജ്ഞനും അറിവില്ലാത്തവനു മാണ്. നിന്റെ അറിവിൽ എന്താണോ സത്യം അത് എന്നിൽ നിലനാട്ടുക. ഈ ദുആ വളരെ പെട്ടെന്ന് സ്വീകരിക്കപ്പെട്ടു. ഞാൻ ഇസാലയെ ഔഹാം വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ ഹൃദയത്തിന് സംതൃപ്തിയും സമാധാനവും ഉണ്ടാകാൻ തുട ങ്ങി. ഹുസൂറിന്റെ സത്യസാക്ഷ്യത്തിൽ യാതൊരു സംശയമോ ശങ്കയോ ശേഷിച്ചില്ല. വിശ്വാസവും അധികമായി ദൃഢപ്പെട്ടുകൊ ണ്ടിരുന്നു. പിന്നീട് ഞാൻ മിയാൻ ഖൈറുദ്ദീൻ സാഹിബിനോ ടൊപ്പം ആദ്യമായി ഖാദിയാനിൽ വന്ന് ഹുസൂറിനെ സന്ദർശിച്ച പ്പോൾ ഈ വദനം കളവ് പറയുന്നവന്റെയും ചതിയിന്റേതുമ ല്ലെന്ന് എന്റെ ഹൃദയം സാക്ഷ്യം പറഞ്ഞു. അന്നേരം ഞാൻ മിയാൻ ഖൈറുദ്ദീൻ സാഹിബിനോട് പറഞ്ഞു. ഒന്നാമതായി ഞാൻ ഹുസൂറിനെ സംബന്ധിച്ച് ധിക്കാരപരമോ അപമര്യാദ യായോ ഒന്നും തന്നെ പറഞ്ഞിട്ടില്ല. അഥവാ എപ്പോഴെങ്കിലും അങ്ങിനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ തൗബ ചെയ്യുന്നു. ഇത് കളവ് പറയുന്ന വ്യക്തിയുടെ മുഖമല്ല. ഇത് അദ്ദേഹത്തിന്റെ ബൈഅത്തിനുള്ള നിമിത്തമായി.

ഈ നല്ല നിയ്യത്താണ് യഥാർഥ വസ്തുത. അല്ലാഹുവിനോട് സഹായം അർത്ഥിക്കുകയാണെങ്കിൽ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആവർത്തിച്ചാവർത്തിച്ച് ഇക്കാര്യത്തെ സംബന്ധിച്ച് പറയു കയും ചെയ്തിട്ടുണ്ട്. എന്റെ ഗ്രന്ഥം നല്ല നിയ്യത്തോടുകൂടി വായി ക്കുക. ഈ മൗലവിമാരും വായിക്കാറുണ്ട് എന്നാൽ ആക്ഷേപി ക്കാൻ വേണ്ടി മാത്രം. അവരുടെ മനസ്സിൽ മോശമായ ചിന്തകള ല്ലാതെ ഒന്നും തന്നെയുണ്ടാവില്ല. പരിശുദ്ധന്മാർക്ക് മാത്രമേ മന സ്സിലാകൂ എന്ന് വിശുദ്ധ ഖുർആൻ വിളംബരപ്പെടുത്തുമ്പോൾ മറ്റ് ഗ്രന്ഥങ്ങളുടെ എന്ത് അവസ്ഥയാണ് ശേഷിക്കുക. ഏതാ യാലും നൂറ് വർഷം മുമ്പുള്ള മൗലവിമാരുടെ അവസ്ഥയാണി ത്. അല്ലെങ്കിൽ 150 വർഷം മുമ്പുള്ള, അല്ലെങ്കിൽ എന്നെന്നുമു ള്ളത്. ഇന്നും അങ്ങിനെതന്നെയാണ്.

ഹദ്റത്ത് ഡോക്ടർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് പറയു ന്നു. ഞാൻ ഏകദേശം 18, 19 വയസ്സുള്ളപ്പോൾ 1903 ഡിസംബ റിൽ സ്വപ്നത്തിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സന്ദർശിച്ചു. അതിനുമുമ്പ് ഞാനൊരിക്കലും ഹുസൂറിനെ കണ്ടി രുന്നില്ല. ഹുസൂർ ചോദിച്ചു. നീ ആരുടെ ശിഷ്യനാണ്? ഞാൻ പറഞ്ഞു. ഞാൻ ജനാബ് മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ ശിഷ്യനാകുന്നു. അതിനുശേഷം എനിക്ക് ആയിനെ കമാലാത്തെ ഇസ്ലാം തർയാഖുൽ ഖുലൂബ് എന്നീ ഗ്രന്ഥങ്ങൾ വായിച്ചു. അത് വായിച്ചുകഴിഞ്ഞപ്പോൾ എന്റെ മനസ്സ് അഹ്മദിയ്യാ പ്രസ്ഥാന ത്തിലേക്ക് ചാഞ്ഞു. 1906 ൽ ഞാൻ ഇസ്തിഖാറ ചെയ്തു. ജില്ലാ ലായൽപൂരിലെ ഗോജ്റയിൽ ഞാൻ ജോലി ചെയ്യുകയായിരു ന്നു. സുബ്ഹി നമസ്കാരത്തിനുശേഷം എനിക്ക് ദർശനമായി ഉണർന്നിരിക്കുന്ന അവസ്ഥയിൽ തന്നെ ചവിട്ടുപടികൾ കാണി ക്കപ്പെട്ടു. ഓരോ ചുവട്ടുപടികളിലും ബോർഡ് വെച്ചിട്ടുണ്ടായിരു ന്നു. അവസാന ചവിട്ടു പടിയിൽ ചുവന്ന നിലത്ത് വെളുത്ത അക്ഷരത്തിൽ ഒരു ബോർഡ് കണ്ടു. അതിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് മഹ്ദി മൗഊദ് എന്ന് വലിയ അക്ഷരത്തിൽ എഴുതിയിരുന്നു. പറയുന്നു, 1907 സെപ്റ്റംബ റിൽ ജില്ലാ സിയാൽകോട്ടിലെ റഅ്യയിൽ ഭാര്യാപിതാവിനെ കാണാൻ വന്നു. അവിടെ ഭാര്യാപിതാവ് തഹ്സിൽ ഗുമസ്ഥനാ യിരുന്നു. ഡോക്ടർ അബ്ദുസത്താർ ശാഹ് സാഹിബ് മർഹൂം ഇൻചാർജ് ഹോസ്പിറ്റൽ റഅ്യയുമായി കണ്ടുമുട്ടി. അദ്ദേഹ ത്തോടൊപ്പം ഞാൻ ഖാദിയാനിൽ വന്നു. ളുഹർ നമസ്കാര സമ യത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സന്ദർശിച്ചു. 1903 ലെ സ്വപ്നത്തിൽ ഞാൻ കണ്ട ഹുസൂറിന്റെ അതേ രൂപം ഇതുത ന്നെയായിരുന്നു. വസ്ത്രത്തിന്റെ നിറവും അത് തന്നെയായിരു ന്നു. ഇത് അദ്ദേഹത്തിന്റെ ബൈഅത്തിന് നിദാനമായി.

ഹദ്റത്ത് മലക് ഉമർ ഖത്താബ് സാഹിബ് സത്ന പിശാവ് നിവേദനം ചെയ്യുന്നു. വിനീതൻ പ്രായപൂർത്തിയായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദൈവനിയോഗിതനാണെന്ന വാദം കേൾക്കാനിടയായി. എത്രയും പെട്ടെന്ന് സമക്ഷത്തിൽ ഹാജരായി ബൈഅത്ത് ചെയ്യാനുള്ള ആവേശം ജനിച്ചു. 1905 ൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹൃദയാഭിലാഷമനുസരിച്ച് ഖാദിയാനിൽ എത്തി. അവിടെ കണ്ടത്, ഒരു ചെറിയ ഗ്രാമം. മണ്ണു കൊണ്ടുള്ള മതിലോടുകൂടിയ അതിഥി മന്ദിരം. ഏതാനും വിദ്യാർത്ഥികളുടെ ഒരു ദർസ്. മൗലാനാ ഹദ്റത്ത് ഹകീം നൂറു ദ്ദീൻ അഅ്സം (റ) പഠിപ്പിക്കുകയായിരുന്നു. ഖാദിയാന്റെ രൂപ മാണ് വിവരിക്കുന്നത് ചെറിയ ഗ്രാമം, മണ്ണിന്റെ മതിലുകളാൽ ഉണ്ടാക്കിയിട്ടുള്ള അതിഥി മന്ദിരം, കുറച്ച് വിദ്യാർത്ഥികൾ. ഇത്ത രത്തിലുള്ള വാദവും ഈ ഗ്രാമവും ആശ്ചര്യപ്പെടുക സ്വാഭാവി കം തന്നെ. പറയാനാഗ്രഹിക്കുന്നത്, ഇത്ര വലിയ ഒരു വാദം പുറപ്പെടുവിക്കുക എന്നാൽ ഗ്രാമത്തിന്റെ അവസ്ഥ ഇപ്രകാര വും. ഇത് അത്ഭുതപ്പെടുത്തി. അത്ഭുതപ്പെടേണ്ടതായിരുന്നു. കാരണം വിശ്വാസം വരില്ലായിരുന്നു. എന്നാൽ പറയുന്നു. ഇങ്ങ നെയായിരുന്നിട്ടും ഹൃദയം സാക്ഷ്യപ്പെടുത്തി. ഈ അവസ്ഥക ളെല്ലാം കണ്ടിട്ടും ഈ വാദം തികച്ചും സത്യമാണെന്ന ദൃഢവി ശ്വാസം ലഭിച്ചു. പറയുന്നു, ലബ്ബൈക്ക് പറഞ്ഞുകൊണ്ട് സ്വദേ ശിയായ മൗലവി സാഹിബിനെ കാണാതെ തന്നെ അതായത് ഖലീഫത്തുൽ മസീഹ് അവ്വലിനെ ഒരു കത്ത് ഹുസൂറിന്റെ സമ ക്ഷത്തിലേക്ക് അയച്ചു. അതിൽ അഭ്യർത്ഥിച്ചു. ഹുസൂർ പുറത്തേക്ക് വരിക, ബൈഅത്ത് ചെയ്യണം. അതിൽ എഴുതി യത് ഹുസൂർ പുറത്തേക്ക് വന്നാലും ബൈഅത്ത് ചെയ്യണം. ഇന്ന് തന്നെ തിരിച്ചുപോകേണ്ടതാണ്. ഹുസൂർ മറുപടി എഴിതി നൽകി, മൈലാഞ്ചി തേച്ചിരിക്കുകയാണ്. ഇപ്പോൾ ഒരു മണിക്ക് ബാങ്കുകൊടുക്കും. മസ്ജിദ് മുബാറക്കിൽ വരുന്നതാണ്. അന്നേരം രണ്ട് സിഖുകാർ അതിഥി മന്ദിരത്തിലേക്ക് ഓടിവന്നു. അവിടെ വിനീതനല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. പറഞ്ഞു, മുടിവെട്ടു കാരനെ ഉടൻ വിളിക്കുക. കുടുമ മുറിക്കണം. അതായത് സ്വന്തം മുടി മുറിച്ച് ബൈഅത്ത് ചെയ്യണം. വിനീതൻ അപരിചിതനാ ണെന്ന് അറിയിച്ചു. മുടിവെട്ടുകാരനെ കിട്ടാനും ബുദ്ധിമുട്ടായിരു ന്നു. ഈ വരവിന്റെ അറിയിപ്പും വിനീതൻ ഹുസൂറിന് എഴുതി അറിയിച്ചു. ഹുസൂർ ഇതിനും മുൻപറഞ്ഞ അതേ മറുപടിയാണ് നൽകിയത്. വിനീതൻ അവരുടെ ആഗമനത്തെക്കുറിച്ച് ചോദി ച്ചു. അവർ പറഞ്ഞു. ഞങ്ങൾ രണ്ട് സഹോദരന്മാരും ഖാദിയാന് സമീപത്ത് താമസിക്കുന്നവരാണ്. ഛാവ്നി മിയാൻ മീറിലെ സൈന്യത്തിലാണ് ജോലി. പിതാവ് രോഗിയായപ്പോൾ വീട്ടിൽ വന്നു. അദ്ദേഹത്തിന്റെ വിഷമം വളരെ കൂടുതലായിരുന്നു. സിഖ് സമുദായത്തിലെ ഒരു മാന്യൻ ഞങ്ങളുടെ പിതാവിനോട് പറ ഞ്ഞു. നിങ്ങൾക്ക് മരണം കൈവരിക്കുന്നതിനായി **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** എന്ന് പറയുക. ഞങ്ങളുടെ പിതാവ് അങ്ങിനെതന്നെ ചെയ്തു, മരിക്കുകയും ചെയ്തു. അവ സാന സമയത്തിനു മുമ്പേ ഈ കലിമ ചൊല്ലേണ്ടതാണ് എന്ന് ഞങ്ങൾക്ക് ഈ സംഭവം മനസ്സിലാക്കിതന്നു. മിർസാ സാഹിബ് വാദം പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടാമത്തെ ദിവസം സ്ത്രീകളോട് ഞങ്ങളുടെ തീരുമാനത്തിനൊത്ത് നിൽക്കുവാനായി പറഞ്ഞു. അതായത് സിഖുകാർ. എന്നാൽ അവർ ബഹളം വെച്ചു. സിഖ് സമൂഹം ഒരുമിച്ചുകൂടി. ഞങ്ങൾ ഖാദിയാനിലേക്ക് ഓടി. അവർ

കുന്തവും വടിയുമായി ഞങ്ങളുടെ പുറകെ വരുന്നുണ്ട്. പെട്ടെന്ന് വേണം. പറയുന്നു, അപ്പോൾ ബാങ്ക് കൊടുത്തു. വിനീതൻ അവരുമായി മസ്ജിദ് മുബാറക്കിൽ എത്തി. ചെറിയ പള്ളി നറഞ്ഞിരുന്നു. ഈ സിഖുകാരെ സംബന്ധിച്ച് അവർ ആരായിരുന്നു, അഹ്മദികളായോ എന്നതിനെക്കുറിച്ചന്വേഷിക്കുന്നതിനായി ഞാൻ പറഞ്ഞിരുന്നു. എന്തായാലും അദ്ദേഹം തന്റെ സംഭവത്തിൽ അതിനെക്കുറിച്ച് എഴുതുകയുണ്ടായി. പറയുന്നു, പള്ളിയിലെത്തിയപ്പോൾ എവിടെയും അല്പം പോലും സ്ഥലമുണ്ടായിരുന്നില്ല. ഞാൻ അത്ഭുതപ്പെട്ടുകൊണ്ട് ചെരുപ്പുകൾക്കിടയിൽ നിന്നു. ആരേയും പരിചയമുണ്ടായിരുന്നില്ല. അന്നേരം ഹദ്റത്ത് സാഹിബ് മിഹ്റാബിലുള്ള വാതിൽ തുറന്നു. ജനങ്ങൾ എഴുന്നേറ്റു നിന്നു. വിനീതൻ ആളുകളുടെ കാലിനിടയിലൂടെ കടന്ന് ഹുസൂറിന്റെ മുന്നിൽ ചെന്നുനിന്നു. ഹുസൂർ ഇരുന്നു. വിനീതൻ ഹുസൂറിന്റെ മുന്നിലിരുന്നു. ഹുസൂർ ചോദിച്ചു. നിങ്ങളാരാണ്? പറഞ്ഞു, ബൈഅത്തിനായി വന്നതാണ്. അപേക്ഷ വിനീതൻ അയച്ചിരുന്നു. വിനീതന് മുമ്പായി ബൈഅത്തിനായി ഇരുന്നവരോടായി മൗലവി സാഹിബ് ബൈഅത്ത് ചെയ്യാനായി പറഞ്ഞപ്പോൾ ഹുസൂർ വിനീതന്റെ കൈപിടിച്ച് സ്വന്തം കൈയ്യിൽ വെച്ചുകൊണ്ട് പറഞ്ഞു. ഈ കുട്ടിയുടെ മേൽ കൈ വെക്കുക. അങ്ങിനെ ഹുസൂറിന്റെ കൽപനയനുസരിച്ച് എല്ലാവരും വിനീതന്റെ ചുമലിൽ കൈവച്ച് ബൈഅത്ത് ചെയ്തു. ഹുസൂർ ദുആ ചെയ്തു. പിന്നീട് നമസ്ക്കരിച്ചു.

ഹദ്റത്ത് റഹ്മത്തുല്ലാഹ് സാഹിബ് അഹ്മദി പെൻഷനർ രിവായത്ത് ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കുറച്ചുമാസം ലുധിയാനയിൽ തങ്ങി. എനിക്കന്ന് ഏകദേശം 17,18 വയസ്സായിരുന്നു. വിദ്യാർത്ഥിയായിരുന്നു ഹുസൂറിന്റെ സമക്ഷത്തിൽ ഹാജറായപ്പോൾ ഹുസൂറിന്റെ മുഖത്ത് നിന്ന് ബഹിർഗമിക്കുന്ന പ്രകാശം എനിക്ക് കാണാൻ കഴിഞ്ഞു. തൽഫലമായി ഇത് കള്ളവാദിയുടെ മുഖമല്ല എന്ന് എന്റെ ഹൃദയം എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. ചുറ്റിലുമുള്ള മൗലവിമാർ എന്നെ സംശയത്തിലാഴ്ത്തി. ആ അവസരത്തിൽ ഹുസൂറിന്റെ മുബാഹല മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുമായി ലുധിയാനയിൽ വെച്ച് നടന്നു. ഞാനതിൽ ഉൾപ്പെട്ടിരുന്നു. അതിനുശേഷം എന്റെ നേർമാർഗത്തിനായി അല്ലാഹു ഇസാലയെ ഔഹാമിന്റെ രണ്ടാം ഭാഗങ്ങളും അയച്ചു തന്നു. അത് പരിപൂർണ്ണമായും പ്രകാശത്താലും മാർഗദർശനങ്ങളാലും നിറഞ്ഞതായിരുന്നു. അധികവും ഞാൻ മുഴുരാത്രിയും ഉറങ്ങിയിട്ടില്ല എന്ന് അല്ലാഹുവിനറിയാം. അഥവാ ഗ്രന്ഥത്തിൽ തലവെച്ച് അൽപം മയങ്ങിയാൽ മയങ്ങി അത്രതന്നെ. അല്ലെങ്കിൽ ഗ്രന്ഥം വായിച്ചുകൊണ്ടേയിരുന്നു. കരഞ്ഞുകൊണ്ടേയിരുന്നു. അല്ലാഹുവേ ഇതെന്താണ്? മൗലവിമാർ വിശുദ്ധ ഖുർആനെ എന്ത്കൊണ്ട് ഉപേക്ഷിക്കുന്നു. തഖ്‌വയുണ്ടെങ്കിൽ മനുഷ്യൻ ഗ്രന്ഥം ഇങ്ങനെത്തെ അവസ്ഥയിലാണ് വായിക്കുന്നത്. പറയുന്നു, എന്റെ ഹൃദയത്തിൽ പ്രേമാഗ്നി വളർന്നുകൊണ്ടിരിക്കുകയാണെന്ന് അല്ലാഹുവിന്നറിയാം. ഞാൻ മൗലവി റശീദ് അഹ്മദ് ഗംഗോഹിക്ക് എഴുതി. ഹദ്റത്ത് മിർസാ സാഹിബ് ഈസ (അ) ന്റെ മരണം 30 ആയത്തുകൾകൊണ്ട് തെളിയിക്കുന്നു. താങ്കൾ ദയവുചെയ്ത് ജീവിച്ചിരിക്കുന്നതിനെ സംബന്ധിച്ചുള്ള ആയത്തുകളും ഹദീസുകളും എഴുതിയാലും. അതോടൊപ്പം ഹദ്റത്ത് മിർസാ സാഹിബ് എഴുതുന്നു 30 ആയത്തുകളെയും നിഷേധിച്ചുകൊണ്ട് എനിക്കയച്ചു തരിക. ഞാൻ പ്രസിദ്ധപ്പെടുത്തുന്നതാണ്. മറുപടി വന്നു, താങ്കൾ ഈസ (അ) ന്റെ ജീവിതമരണത്തെ സംബന്ധിച്ച് മിർസാ സാഹിബുമായോ ശിഷ്യന്മാരുമായോ ചർച്ച ചെയ്യരുത്. കാരണം അധികം ആയത്തുകളിലും വഫാത്ത് കാണാവുന്നതാണ്. ഇത് ഭിന്നാഭിപ്രായമുള്ള കാര്യമാണ്. മിർസാ സാഹിബ് എങ്ങിനെയാണ് മസീഹ് മൗഊദാകുക എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക. ഈസ (അ) മരിച്ചോ ഇല്ലയോ എന്നതിനെക്കുറിച്ച് തർക്കിക്കരുത്. മിർസാ സാഹിബ് എങ്ങിനെ മസീഹ് മൗഊദ് ആയി എന്നതിനെക്കുറിച്ച് തർക്കിക്കുക. കാരണം വിശുദ്ധ ഖുർആൻ വഫാത്തെ മസീഹിനെ പിന്തുണക്കുന്നു. പറയുന്നു, ഞാൻ മറുപടിയായി എഴുതി. അഥവാ ഹദ്റത്ത് ഈസാ മരിച്ചുവെങ്കിൽ ഹദ്റത്ത് മിർസാ സാഹിബ് സത്യവാനാണ്. മറുപടി വന്നു. നിങ്ങളിൽ മിർസാ സാഹിബിന്റെ പ്രഭാവം ഉണ്ടായിരിക്കുന്നു ദുആ ചെയ്യാം. മറുപടിയായി ഞാൻ പറഞ്ഞു. താങ്കൾ താങ്കൾക്കു വേണ്ടി ദുആ ചെയ്യുക. അവസാനം ഞാൻ അല്ലാഹുവിന്റെ സമക്ഷത്തിൽ വീണു. എന്റെ ഹൃദയം കണ്ണീർ തടാകത്തെ ഒഴുക്കിയതുപോലെ വെള്ളമായി ഒഴുകാൻ തുടങ്ങി. ദുആ ചെയ്തു, അല്ലാഹുവേ! എനിക്ക് നിന്റെ സംതൃപ്തി വേണം. നിനക്ക് വേണ്ടി എല്ലാ ആദരവുകളേയും ത്യജിക്കാൻ ഞാൻ തയ്യാറാണ്. എല്ലാ നിന്ദ്യതയേയും സ്വീകരിക്കുന്നതാണ്. നീ എന്നിൽ കരുണ ചൊരിയേണമെ. ആരുടെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനെ സത്യം ചെയ്തുകൊണ്ട് പറയുന്നു കുറച്ചു കാലത്തിനുശേഷം തന്നെ രാവിലെ 4 മണിയോടടുത്ത് 1893 ഡിസംബർ 25 ന് തിങ്കളാഴ്ച ജനാബ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ സന്ദർശനം കരസ്ഥമായി. ഈ സ്വപ്നത്തിന്റെ വിശദാംശം ഇപ്രകാരമാണ്. വിനീതൻ ബേർനി എന്ന സ്ഥലത്ത് അസർ നമസ്ക്കാരത്തിനായി വുളു എടുക്കുകയായിരുന്നു. ആരോ വന്ന് പറഞ്ഞു. റസൂലെ അറബി (സ) വന്നിരിക്കുന്നു. ഇതേ രാജ്യത്ത് തന്നെ താമസിക്കുന്നതാണ്. ഞാൻ ചോദിച്ചു എവിടെ? പറഞ്ഞു, ഈ ടെന്റുകൾ ഹുസൂറിന്റെതാണ്. ഞാൻ പെട്ടെന്ന് നമസ്ക്കരിച്ചു അവിടേക്ക് പോയി. ഹുസൂർ ചില സഹാബാക്കളോടൊപ്പം ഇരിക്കുകയായിരുന്നു. സലാമിന് ശേഷം എനിക്ക് ഹസ്തദാനം നൽകി. ഞാൻ മര്യാദയോടുകൂടി ഇരുന്നു. ഹുസൂർ അറബിയിൽ പ്രസംഗിക്കുകയായിരുന്നു. അതായത് നബിതിരുമേനി (സ). വിനീതൻ എന്റെ കഴിവനുസരിച്ച് മനസ്സിലാക്കി. പിന്നീട് ഞാൻ സത്യവാനാണ് എന്നെ നിഷേധിക്കരുത് എന്നെല്ലാം ഉറുദുവിൽ പറഞ്ഞു. ഞാൻ ആമന്നാ വസദഖനാ യാ റസൂലല്ലാഹ് എന്നു പറഞ്ഞു. മുഴുവൻ ഗ്രാമവും മുസ്ലിംകളായിരുന്നു. എന്നാൽ ആരും അടുത്ത് വരുന്നുണ്ടായിരുന്നില്ല. ഞാൻ അത്ഭുതപ്പെട്ടു. പറഞ്ഞു അല്ലാഹുവേ ഇതെന്താണ്? -സ്വപ്നത്തിൽ- ഇന്ന് മുസ്ലിംകൾ ത്യാഗം വരിക്കേണ്ട ദിവസമായിരുന്നു. ഹുസൂറിന്റെ ആരംഭകാലഘട്ടമായിരുന്നു. ഹുസൂർ ഇതേ രാജ്യത്ത് വസിക്കുന്നതാണെന്ന് എനിക്ക് അറിവ് നൽകി. പിന്നീട് ഹുസൂർ മടങ്ങാനുള്ള കൽപന നൽകിയപ്പോൾ ഞാൻ കരഞ്ഞ് പറഞ്ഞു. ഹുസൂർ പോകുകയാണോ. എനിക്കങ്ങിനെ കാണാൻ കഴിയും. എന്റെ തോളിൽ ഹുസൂർ പരിശുദ്ധ കൈ വെച്ചുകൊണ്ട് പറഞ്ഞു. ഭയപ്പെടേണ്ട നാം സ്വയം നിന്നെ വന്നു കാണുന്നതാണ്. സ്വപ്നത്തിന്റെ വ്യാഖ്യാനം മനസ്സിലായി. ഹദ്റത്ത് മിർസാ സാഹിബ് റസൂലെ അറബിയാകുന്നു. അത് ഒരു പ്രവർത്തനരൂപത്തിൽ മനസ്സിലാക്കി തന്നതാണ്. ഞാൻ ബൈഅത്തിനുള്ള കത്തെഴുതി. ഖാദിയാനിലെത്തി 1898 ഡിസംബർ 23 -ാം തിയ്യതി ചൊവ്വാഴ്ച മഗ്‌രിബ് നമസ്കാര ശേഷം എനിക്ക് ബൈഅത്ത് ചെയ്യാനുള്ള അവസരം ലഭിച്ചു. ഒരു വിപത്തിനും തന്നെ എന്നെ അപചയത്തിലേക്ക് കൊണ്ടുപോകാൻ കഴിയാത്ത തരത്തിലുള്ള സ്ഥൈര്യം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് കൈവന്നു. ഇതെല്ലാം വീണ്ടും വീണ്ടും ലഭിച്ച ഹുസൂറിന്റെ സഹവാസത്തിന്റെ ഫലമായിരുന്നു. ഈ കൈകൾക്ക് ഹുസൂറിന്റെ കൈ അമർത്തിക്കൊടുക്കുന്നതിനുള്ള ബഹുമതി ലഭിച്ചിരുന്നു. ഞാൻ വിളംബരപ്പെ

ടുത്തിയപ്പോൾ പല വിധത്തിലുള്ള വിപത്തുകളും വന്നെങ്കിലും അല്ലാഹു എന്നെ സംരക്ഷിക്കുക മാത്രമല്ല, നഷ്ടങ്ങളേക്കാൾ കൂടുതലായി എനിക്ക് തന്നനുഗ്രഹിക്കുകയും ചെയ്തു. എന്റെ സഹോദരനും അടുത്ത ബന്ധുക്കളും അഹ്മദികളായി. **അൽഹം ദുലില്ലാഹ്.** നീണ്ടതായിപ്പോകും എന്ന ഭയമില്ലായിരുന്നുവെങ്കിൽ ചില സംഭവങ്ങളും കൂടി എഴുതുമായിരുന്നു. അതും പ്രസ്താവ്യയോഗ്യമാണ്. തജ്ദുറൂദ് അഹ്മദിയായ ശേഷവും ചൊല്ലാറുണ്ടായിരുന്നു. ഇതും ഇവർ ഉണ്ടാക്കിയിട്ടുള്ള ഒരു തരത്തിലുള്ള ദുറൂദാണ് (സലാം). എന്റെ ഉസ്താദ് മൗലവി അബ്ദുൽ ഖാദർ ലുധിയാനവി അദ്ദേഹം എനിക്ക് ശേഷമാണ് അഹ്മദി ആയത് ഇത് ശിർക്കാണ് ചൊല്ലരുതെന്ന് വിലക്കുമായിരുന്നു. ഞാൻ പറഞ്ഞു മസീഹ് മൗഊദിനെ കൊണ്ട് പറയിപ്പിച്ചാൽ ഞാൻ ഉപേക്ഷിക്കാം. യാദൃശ്ചികമായി ഒരു സാലാന ജൽസയിൽ ഞാനും മൗലവി സാഹിബും സന്നിഹിതനായിരുന്നു. ഹുസൂർ കാറ്റ് കൊള്ളുന്നതിനായി നടക്കാനിറങ്ങി. മൗലവി സാഹിബ് അന്നേരം ഹുസൂറിനോട് പറഞ്ഞു. ഹുസൂർ മുൻശി റഹ്മത്തല്ലാഹ് സാഹിബ് താജ് ദുറൂദ് ചൊല്ലാറുണ്ട്. ഇത് ശിർക്കാണെന്ന് പറഞ്ഞ് ഞാൻ വിലക്കി. ഹുസൂർ എന്നെ നോക്കി പറഞ്ഞു. ഇതെന്ത് ദുറൂദാണ് നിങ്ങൾ ചൊല്ലുന്നത്? ഞാൻ ചൊല്ലിക്കേൾപ്പിച്ചപ്പോൾ പറഞ്ഞു. ഇതിൽ ശിർക്കില്ല. മൗലവി സാഹിബ് പറഞ്ഞു അതിൽ **ദാഫിഉൽ ബലാഇ വൽവബാഇ വൽഖഹ്തി വൽമർളി വൽഅലം** എന്ന വാക്കുകളുണ്ട്. അപ്പോൾ ഹുസൂർ പറഞ്ഞു. നബിതിരുമേനി (സ) യുടെ സ്ഥാനത്തെ ജനങ്ങൾ മനസ്സിലാക്കിയില്ല. തിരുമേനി (സ) യുടെ നാമം **ദാഫിഉൽ ബലാഇ വൽവബാഇ** ആണെന്നതിൽ സംശയമെന്താണ്? നീണ്ട പ്രഭാഷണം തന്നെ നടത്തി. മൗലവി സാഹിബിന് സന്തോഷമായി. പൊതുജനങ്ങളുടെ പ്രയോജനത്തിനായി ഈ വിഷയം രേഖപ്പെടുത്തുകയുണ്ടായി.

ഹദ്റത്ത് സയ്യിദ് മഹ്മൂദ് ആലം സാഹിബ് പറയുന്നു. 1903 ൽ എന്റെ മൂത്ത സഹോദരൻ സയ്യദ് മഹ്ബൂബ് ആലം പട്ന പട്ടണത്തിലൂടെ എവിടേക്കോ പോകുകയായിരുന്നപ്പോൾ രണ്ട് പേർ ഇങ്ങിനെ പറഞ്ഞുകൊണ്ട് കടന്നുപോയി. പഞ്ചാബിൽ ഒരു വ്യക്തി മഹ്ദിയാണെന്നുള്ള വാദം പുറപ്പെടുവിച്ചിരിക്കുന്നു. സഹോദരന് ചെറുപ്പം മുതൽ വിശുദ്ധ ഖുർആനോട് സ്നേഹമുണ്ടായിരുന്നു. അതുകൊണ്ട് കേട്ടപ്പോൾ അത്ഭുതപ്പെട്ടു. വാദം പുറപ്പെടുവിച്ചതിനെ സംബന്ധിച്ച് ചോദിക്കുകയാണെങ്കിൽ ആരോടു ചോദിക്കും. പറഞ്ഞവർ പോയിക്കഴിഞ്ഞു. ഒരു പക്ഷേ സ്റ്റേഷൻ മാസ്റ്റർക്കറിയാമായിരിക്കും. അദ്ദേഹത്തിന്റെ ചിന്ത ശരിയായി. സ്റ്റേഷൻ മാസ്റ്ററുടെ അടുക്കൽ എത്തി. പേരും അഡ്രസ്സും മനസ്സിലാക്കി വീട്ടിൽ എത്തി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഒരു കത്തെഴുതി. എനിക്ക് താങ്കളുടെ അവസ്ഥ അറിയില്ല. പേരുമാത്രം കേട്ടിട്ടുണ്ട്. ദയവുചെയ്ത് സ്വന്തം കൃതികൾ അയച്ചുതന്നുകൊണ്ടിരിക്കുകയാണെങ്കിൽ വായിച്ച് തിരിച്ചുതരുന്നതാണ്. അങ്ങിനെ മൗലവി അബ്ദുൽ കരീം സാഹിബ് (റ) ഗ്രന്ഥം അയച്ചുകൊണ്ടിരുന്നു. സഹോദരൻ വായിച്ചതിനുശേഷം തിരിച്ചുകൊടുത്തുകൊണ്ടിരുന്നു. ആളുകൾ അന്നേരം മുതൽ എതിർക്കാൻ തുടങ്ങിയിരുന്നു. എന്നാൽ സഹോദരൻ സ്ഥൈര്യമവലംബിച്ചു. കുറച്ചുകാലത്തിനുശേഷം ബൈഅത്ത് ചെയ്തു. ഞാനും കുറച്ചുകാലശേഷം സഹോദരൻ തന്ന ഗ്രന്ഥങ്ങൾ വായിച്ചു. ബൈഅത്ത് ചെയ്തു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് കുറച്ചുകാലം മുമ്പ് ഞാൻ പട്ടണത്തിൽ നിന്നും വീട്ടിലേക്ക് പോയി. യാദൃശ്ചികമായി പിതാവിനോടൊപ്പം ഉറങ്ങി. പിതാവിനോട് സ്വപ്നത്തിൽ ഹദ്റത്ത് ഇമാം ഹുസൈൻ (റ) പറഞ്ഞു. നിന്നോടൊത്ത് ഉറങ്ങുന്ന നിന്റെ ഈ മകൻ വളരെ വലിയ വക്കീലാകുന്നതാണ്. എന്നാൽ അഹ്മദിയായപ്പോൾ ഞാൻ പിതാവിനോട് പറഞ്ഞു. താങ്കളുടെ സ്വപ്നത്തിന്റെ വ്യാഖ്യാനം ഞാൻ അഹ്മദിയാകും എന്നുള്ളതായിരുന്നു. സ്വപ്നത്തിൽ വലിയ മനുഷ്യനാകും എന്ന് കാണിച്ചത് ഇപ്പോൾ പൂർത്തിയായി എന്ന് പിതാവിനോട് പറഞ്ഞു. പറയുന്നു, രണ്ട് വർഷത്തെ നിരന്തരമായ ഭയാനകമായ രോഗത്തിനുശേഷം –കുറച്ച് കാലത്തിനുശേഷം നീണ്ട കാലം രോഗിയായി, രണ്ട് വർഷത്തോളം. അപകടകാരിയായ രോഗമായിരുന്നു. അതിൽ നിന്ന് ശരിയായ നിലയിൽ ആരോഗ്യം വീണ്ടെടുത്തിട്ടുണ്ടായിരുന്നില്ല. ഖാദിയാനിൽ പോകുന്നതിനുള്ള ഭ്രാന്തമായ ആവേശം ഉടലെടുത്തു.........പ്രേമഭാജനത്തിന്റെ സ്നേഹത്തിൽ എത്രകണ്ട് ലയിച്ചു എന്നാൽ ആ സ്നേഹത്തിൽ മുറിവും വ്രണവുമെല്ലാം ഒന്നുമല്ലാതായി. പറയുന്നു, സഹോദരൻ ഖാദിയാനിൽ ഖജനാവ് വെച്ചിട്ടില്ല എന്ന് പറഞ്ഞ് ശഠിച്ചു. ഞാൻ ഖാദിയാനിൽ പോകാൻ ആഗ്രഹിച്ചപ്പോൾ അവരുടെ ഖജനാവ് വെച്ചിട്ടില്ല എന്ന് പറഞ്ഞു. ഇനി പോകണമെങ്കിൽ തന്നെ പത്ത് പാസായിട്ട് പോയാൽ മതി. അവിടെ വിഷമമൊന്നും ഇല്ലാതിരിക്കുവാനായി. മാതാപിതാക്കൾ അനഹ്മദികളായിരുന്നു. എനിക്കൊരു പ്രതീക്ഷയുമില്ലായിരുന്നു. ആരും വഴിച്ചെലവ് തന്നില്ല. സഹോദരനും മാതാപിതാക്കളും സമ്മതിച്ചില്ല. രോഗകാരണത്താൽ എന്റെ ആരോഗ്യം വളരെ ബലഹീനവുമായിരുന്നു. രണ്ടനാല് മൈൽ യാത്ര ചെയ്യുന്നതിനുള്ള ശക്തിപോലും ഉണ്ടായിരുന്നില്ല. മറിച്ച് ഒരു മൈൽ പോലും നടക്കാനുള്ള ശക്തിയില്ലായിരുന്നു എന്ന് പറയാം. എന്നാൽ അല്ലാഹു ഹൃദയത്തിൽ ആവേശം നിറച്ചു. നടന്നുപോകാൻ തയ്യാറായി. അന്ന് ഞാൻ പട്നയിലായിരുന്നു. നടന്നു തുടങ്ങിയപ്പോൾ മാതാപിതാക്കളെ കണ്ട് പോകാനായി ജനങ്ങൾ അഭിപ്രായപ്പെട്ടു. ഞാൻ നിഷേധിച്ചു. ഒരു പക്ഷേ മാതാവിന്റെ കരച്ചിലും പിഴിച്ചിലും എന്റെ സ്ഥൈര്യത്തെ ചോർത്തിക്കളഞ്ഞ് ഖാദിയാനിൽ പോകാനുള്ള ആഗ്രഹം ഉപേക്ഷിക്കേണ്ടി വരുമോ എന്ന് ഭയന്നിരുന്നു. ഏതായാലും നടക്കാൻ തുടങ്ങി. നടന്നു തുടങ്ങിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഒരു കാർഡ് എഴുതി. എനിക്ക് വേണ്ടി ദുആ ചെയ്യുക. എന്റെ യാത്രയുടെ അവസ്ഥ ഇങ്ങിനെയാണ്. കയ്യിൽ പൈസയില്ല. ആരോഗ്യം മോശം, എന്നാൽ ഞാൻ യാത്ര ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഞാൻ അങ്ങേയറ്റം ബലഹീനനും അബലനുമാണ്. ഒരു കാർഡ് സഹോദരനുമെഴുതി. കാരണം അദ്ദേഹം മറ്റൊരു സ്ഥലത്തായിരുന്നു. ഞാൻ പോകുന്നു, ഖാദിയാനിൽ എത്തുകയാണെങ്കിൽ കത്തെഴുതാം. വഴിയിൽ വെച്ച് മരിക്കുന്നതാണെങ്കിൽ എന്റെ ജഡത്തെക്കുറിച്ച് ആർക്കും അറിവ് കിട്ടുന്നതല്ല. പറയുന്നു, ഞാൻ യാത്രയ്ക്കായി സുരക്ഷിത മാർഗങ്ങൾ സ്വീകരിച്ചിരുന്നു. റയിൽവേ ലൈനിന്റെ പ്ലേനെടുത്തിരുന്നു. പെട്ടെന്ന് തന്നെ ഏതാനും പാഠപുസ്തകം വിറ്റ് കുറച്ച് പൈസ കരുതി. പറയുന്നു, ഞാൻ വളരെ ക്ഷീണിതനായിരുന്നു. ദൂരം കൂടുതലായിരുന്നു. അതുകൊണ്ട് മോശമായ ആരോഗ്യം കാരണത്താൽ ബലഹീനത വന്നുപോകുകയാണെങ്കിൽ മടങ്ങാനുള്ള ധൈര്യം ഇല്ലാതിരിക്കുന്നതിനായി. 50, 60 മൈലുകൾ വരെ ട്രൈനിൽ യാത്ര ചെയ്തു. 50,60 മൈൽ യാത്ര ചെയ്താൽ ഇനി മടങ്ങാൻ ധൈര്യമുണ്ടാവില്ല. തിരിച്ചുവരുന്നതിനുപകരം മുന്നോട്ട് തന്നെ പോകുന്നതാണ്. പറയുന്നു, ഈ യാത്രയിൽ ഞാൻ ദിവസവും 30 മൈലുകളോളം നടന്നുകൊണ്ടിരുന്നു. രാത്രിയാകുന്നിടത്ത് തങ്ങുന്നു. ചിലപ്പോൾ സ്റ്റേഷനിൽ ചിലപ്പോൾ സത്രങ്ങളിൽ. ഉള്ളംകാൽ രണ്ടിലും വ്രണമുണ്ടായി. ദുആ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവേ! എന്റെ കാലിലെ വ്രണങ്ങളുടെ മാനം കാക്കണേ. രാത്രി കഴിച്ചുകൂട്ടുന്നതിനായി എവിടെയെങ്കിലും തങ്ങിയാൽ കഠിനമായ വേദനയാൽ കാലനക്കാൻ കഴി

യുമായിരുന്നില്ല. രാവിലെയായാൽ നമസ്കരിച്ച് പുറപ്പെടാൻ തുടങ്ങിയാൽ കാല് അനങ്ങുകയില്ലായിരുന്നു. ധാരാളം പ്രയാസങ്ങൾ മുന്നിലുണ്ടായിരുന്നു. ആദ്യത്തിൽ പതുക്കെ പതുക്കെ നടക്കും. കുറച്ചു നേരം കൊണ്ട് സ്വാഭാവിക വേഗത കൈവരുന്നു. കാലിൽ ചെരിപ്പിടാൻ കഴിയില്ലായിരുന്നു. കാരണം നിറച്ചും വ്രണമായിരുന്നു. തൊലിപോയി ഇറച്ചിമാത്രമായിരുന്നു. എന്നാൽ ഖാദിയാനിൽ പോകാനുള്ള ആവേശത്തിൽ യാത്ര തുടർന്നുകൊണ്ടേയിരുന്നു. പറയുന്നു, അക്കാരണത്താൽ ചിലപ്പോൾ കല്ലുകളും മറ്റും തറച്ച് ശരീരത്തെ വേദനിപ്പിക്കുമായിരുന്നു. ഇടക്ക് റെയിൽ പാളത്തിലൂടെ നടക്കും ഇടക്ക് പൊതു വഴിയിലൂടെ. ചില സമയത്ത് വളരെ ഭയപ്പെടുത്തുന്ന വഴികളിലൂടെ പോകേണ്ടിവന്നിരുന്നു. ആയിരക്കണക്കിന് കുരങ്ങന്മാരും കറുത്ത മുഖമുള്ള കുരങ്ങന്മാരുമായി കണ്ടുമുട്ടി. അവയുടെ ഭയാനകമായ ദൃശ്യം ഹൃദയത്തെ പിടിച്ചുകുലുക്കുമായിരുന്നു. അലിഗഢ് പട്ടണത്തിലൂടെ കടന്നുപോയി. എന്നാൽ എങ്ങിനെയിരുന്നു എന്ന് ഞാൻ അറിഞ്ഞില്ല. എന്റെ ലക്ഷ്യം ഒന്നു മാത്രമായിരുന്നു. ഞാൻ നടന്നുകൊണ്ടേയിരുന്നു. കോളേജിന്റെയെല്ലാം കെട്ടിടങ്ങൾ എങ്ങിനെയുള്ളതായിരുന്നു എന്നറിഞ്ഞില്ല. എന്നാൽ പോകുന്ന വഴി വലതുഭാഗത്ത് കുറച്ചുദൂരെയായി വെളുത്ത കെട്ടിടങ്ങൾ കണ്ടു. അടുത്തുകൂടെ കടന്നുപോയ ആളോട് ചോദിച്ചു. ഇതെന്ത് കെട്ടിടമാണ്? പറഞ്ഞു കേളേജിന്റെ കെട്ടിടമാണ്. മുന്നോട്ട് നീങ്ങി. ഡൽഹി പട്ടണത്തിലൂടെ കടന്നുപോയി. ഒരു മിനിറ്റ് നേരത്തേക്ക് പോലും അവിടെ തങ്ങിയില്ല. കാരണം എന്റെ ലക്ഷ്യം മറ്റൊന്നായിരുന്നു. അവിടുത്തെ മഹാത്മാക്കളുടെ സിയാറത്ത് എന്റെ ലക്ഷ്യമായിരുന്നില്ല. അതുകൊണ്ട് ഒരു നിമിഷനേരത്തേക്ക് പോലും എന്റെ ലക്ഷ്യത്തിൽ നിന്ന് പിന്നോട്ട് പോകാൻ ഞാൻ ആഗ്രഹിച്ചില്ല. വ്രണിതമായ കാലുകളാൽ ഞാൻ ഖാദിയാനിൽ എത്തി. അതിഥി മന്ദിരത്തിൽ തങ്ങി. അല്പനേരശേഷം ഹദ്റത്ത് ഹാഫിസ് ഹാമിദലി സാഹിബ് മർഹൂം (റ) പാലിന്റെ ഒരു ഗ്ലാസ് നൽകി. എന്റെ പോക്കറ്റിൽ പൈസയുണ്ടായിരുന്നില്ല അതിനാൽ വാങ്ങിയില്ല. ചിലവിന്റെ കാര്യത്തിൽ പേടിക്കേണ്ട, പൈസ തരേണ്ടിവരില്ല എന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ ആ പാല് കുടിച്ചു. **അൽഹംദുലില്ലാഹ്.** ഖാദിയാനിൽ ആദ്യ ആഹാരമായി എനിക്ക് പാലാണ് കിട്ടിയത്. ഞാനവിടെ സന്നിഹിതനായിരുന്നപ്പോൾ തന്നെ ധാരാളം പേർ വന്നു. എന്നാൽ ആർക്കും പാലിന്റെ ഗ്ലാസ് നൽകിയില്ല. എനിക്ക് മാത്രമാണ് പാല് നൽകിയത്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സന്ദർശിച്ചു. ഹുസൂർ അവസ്ഥ അന്വേഷിച്ചുകൊണ്ടിരുന്നു. ആളുകൾ ബൈഅത്ത് ചെയ്തുകൊണ്ടിരുന്നു. എന്നോടും ബൈഅത്തു ചെയ്യാനായി പറഞ്ഞു. ഞാനപ്പോൾ ഹുസൂറിന്റെ കാല് തടവിക്കൊടുക്കുകയായിരുന്നു. ഈയൊരു ഭ്രാന്താണ് എനിക്കു പകരിച്ചത്. അല്ലെങ്കിൽ ഇന്ന് സഹാബാക്കളുടെ ലിസ്റ്റിൽ എന്റെ പേര് എങ്ങിനെ വരാനാണ്. **അല്ലാഹുമ്മ മാലികുൽ മുൽകി തുഇസ്സു മൻ തശാഅ്.** തുടർന്ന് പറയുന്നു, ഖലീഫ അവ്വൽ എന്റെ മുറിവുകളെ ചികിത്സിച്ചു. ഹാഫിസ് റോശൻ അലി സാഹിബ് മർഹൂമിനെ എന്നെ പഠിപ്പിക്കുവാനായി നിയമിച്ചു. പിന്നീട് സ്വയം പഠിപ്പിക്കുകയും ചെയ്തു. കാലിലെ മുറിവിനുള്ള ചികിത്സ ഖലീഫ അവ്വൽ ചെയ്തു. ഹാഫിസ് റോശൻ അലി സാഹിബും പിന്നീട് ഖലീഫ അവ്വലും പഠിപ്പിക്കുകയും ചെയ്തു. പിന്നീട് എഴുതുന്നു, 1908 മെയ് മാസത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിൽ പോയി. പിന്നീട് ഖലീഫ അവ്വലിനേയും വിളിപ്പിച്ചു. അന്നേരം ഖലീഫ അവ്വൽ എന്നെയും കൂടെ കൂട്ടി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്ത് സമയത്ത് ഞാനദ്ദേഹത്തിന്റെ വലതുഭാഗത്ത് നിൽക്കുകയായിരുന്നു. ലാഹോറിൽ നിന്ന് ജനാസയോടൊപ്പം ഖാദിയാനിലെത്തി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഉദ്യാനത്തിൽ വെച്ച് ജനങ്ങളോട് ബൈഅത്ത് വാങ്ങിയപ്പോൾ ഞാൻ കട്ടിലിൽ അദ്ദേഹത്തോടൊപ്പം ഇരിക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ അപ്പോൾ ചെയ്ത പ്രഭാഷണവും, ഹദ്റത്ത് മിർ നാസിർ നവാബ് സാഹിബ് കരഞ്ഞ് മാപ്പപേക്ഷിച്ചതും എന്റെ മനസ്സിൽ ഇപ്പോഴും അലയടിക്കുന്നുണ്ട്. ബൈഅത്തിനുശേഷം ജനാസ നമസ്ക്കരിച്ചു.പിന്നീട് ഉദ്യാനത്തിലുള്ള കെട്ടിടത്തിൽ ഹദ്റത്ത് സാഹിബിന്റെ ജനാസ സന്ദർശനത്തിനായി വെച്ചു. മുഖത്ത് നിന്ന വസ്ത്രം നീക്കി. ജനങ്ങൾ പടിഞ്ഞാറെ വാതിലിലൂടെ കടന്ന് സിയാറത്ത് ചെയ്തു കിഴക്കേ വാതിലിലൂടെ പുറത്തേക്ക് പോയിക്കൊണ്ടിരുന്നു.

മഹാത്മാക്കളുടെ ചില സംഭവങ്ങളായിരുന്നു ഇത്. അവർ ഒരാവേശത്തോടും വേദനയോടുംകൂടി വരാനുള്ള മസീഹ് മൗഊദിനെ വിശ്വസിച്ചു. സയ്യിദ് മഹ്മൂദ് ആലം സാഹിബിന്റെ സംഭവം യഥാർഥത്തിൽ മുട്ടിൽ ഇഴഞ്ഞുപോയിട്ടാണെങ്കിലും ബൈഅത്ത് ചെയ്യണം എന്ന ഹദീസിന്റെ രൂപാന്തരണമാണ്. എത്ര പ്രയാസങ്ങൾ സഹിച്ചു എന്നാൽ ഒരു ദൃഢനിശ്ചയമായിരുന്നു. അതുമൂലം നടന്നുകൊണ്ടേയിരുന്നു. അവസാനം തന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നു. അല്ലാഹു ഈ സഹാബാക്കളുടെ പദവികളെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമുക്കും നമ്മുടെ വിശ്വാസത്തിൽ ഉന്നതി നൽകുമാറാകട്ടെ. മുസ്‌ലിം പൊതുസമൂഹത്തിന്റെ നെഞ്ച് തുറക്കുമാറാകട്ടെ. അവർ മസീഹ് മൗഊദിനെ തിരിച്ചറിയുന്നവരാകട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി. ഇന്ന് വന്നുഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുകളിൽ നിന്ന് രക്ഷപ്പെടുന്നവരാകട്ടെ. നബി തിരുമേനി (സ) യുടെ ഉമ്മത്തിന്റെ കടമ നിറവേറ്റുന്നവരായിത്തീരട്ടെ.

ഇനി ഞാൻ ദുഃഖകരമായ ഒരു വാർത്ത കേൾപ്പിക്കുന്നതാണ്. ബഹുമാന്യ മുഹമ്മദ് ഹാശിം സഈദ് സാഹിബ് കഴിഞ്ഞ ദിവസം സഊദി അറേബ്യയിൽ വെച്ച് അദ്ദേഹം വഫാത്തായിരിക്കുന്നു. **ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.** അദ്ദേഹം ഇവിടത്തെ പഴയ അഹ്മദിയായിരുന്നു. ഇന്നാണ് അദ്ദേഹത്തിന്റെ ജനാസ എത്തിയത്. ജുമുആക്ക് ശേഷം ജനാസ നമസ്ക്കരിപ്പിക്കുന്നതാണ്. ഇവിടെ എപ്പോഴും വന്നുപോകുമായിരുന്നു. ധാരാളം യാത്ര ചെയ്യുമായിരുന്നു. ആഗസ്റ്റ് 11 നാണ് ഇവിടെ നിന്ന് സഊദി അറേബ്യയിലേക്ക് പോയത്. എയർപോർട്ടിൽ ഇറങ്ങിയപ്പോൾ ഹൃദയത്തിൽ ബുദ്ധിമുട്ട് ആരംഭിച്ചു. നേരെ ക്ലിനിക്കിലേക്ക് പോയി. അവിടെ വെച്ച് പെട്ടെന്ന് ഹൃദയാഘാധമുണ്ടായി വഫാത്താകുകയാണ് ചെയ്തത്. **ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.** 2000 ലാണ് സഊദിയിലേക്ക് പോയത്. അതിനുമുമ്പ് ഇവിടെതന്നെയായിരുന്നു. നിരന്തരമായി പല വർഷങ്ങളോളം അവിടെ ജമാഅത്തിന്റെ വ്യത്യസ്ഥ സേവനങ്ങൾ ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരുന്നു. ഇതുകൂടാതെയും പല സുപ്രധാന ജമാഅത്തിന്റെ ജോലികളും അദ്ദേഹം നിർവഹിച്ചിരുന്നു. വളരെ ഉത്തമമായ നിലയിൽ എല്ലാ ജോലിയും അദ്ദേഹം നിർവഹിച്ചിരുന്നു. വളരെയേറെ ഗുണങ്ങളും കഴിവുകളും ഉണ്ടായിരുന്നു. സംഘടനാ കാര്യങ്ങളിൽ നല്ല പ്രാവീണ്യമായിരുന്നു. ടെക്നിക്കൽ പ്രശ്നങ്ങളെക്കുറിച്ച് നല്ല അറിവായിരുന്നു. ദീനീ അറിവും ധാരാളമായിരുന്നു. എല്ലാ വിഭാഗങ്ങളിലും അദ്ദേഹത്തിന്റെ പ്രാവീണ്യം അസൂയാവഹമായിരുന്നു. എന്നാൽ വളരെ വിനയാന്വിതനും എല്ലാവരുമായി കൂടിക്കലരുന്ന സ്വഭാവക്കാരനും അനുകമ്പ പുലർത്തുന്ന വ്യക്തിയും എളിമയുള്ള വ്യക്തിയുമായിരുന്നു. സഹതാപവും ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. എല്ലാവരോടും ആത്മാർത്ഥമായി പെരുമാറുമായി

രുന്നു. ചന്ദകളിലും സാമ്പത്തിക ആഹ്വാനങ്ങളിലും എപ്പോഴും മുന്നിട്ട് നിന്നിരുന്നു ഹുഖൂഖുൽ ഇബാദിലേക്ക് ശ്രദ്ധിക്കുന്ന വ്യക്തിയായിരുന്നു. ആരുടെയെങ്കിലും ചെറിയ ബുദ്ധിമുട്ട് കാണുമ്പോൾ പോലും പരിഭ്രമിക്കുകയും സഹായിക്കുന്നതുവരെ സ്വസ്ഥനാകുകയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ അയൽവാസി എന്നോട് പറഞ്ഞു. വഖ്ഫെ സിന്ദഗിയാണ്. ഇവരുടെ വീട്ടിനു മധ്യേയുള്ള മതിൽ കൊടുങ്കാറ്റിൽ നിലംപൊത്തി. ഇവിടെ സാധാരണയായി മരത്തിലെ മതിലാണ് ഉള്ളത്. ഒരു ദിവസം അദ്ദേഹം സ്വയം വന്ന് പറഞ്ഞു. യാത്ര പോകുകയായിരുന്നു. പേടിക്കണ്ട ഞാൻ വന്ന് സ്വയം ശരിയാക്കിക്കൊള്ളാം. രണ്ട് ദിവസത്തിന് ശേഷം സ്വയം വന്ന് മതിൽ നേരെയാക്കി. വളരെയധികം ആത്മാർത്ഥതയുള്ള വ്യക്തിയും ജനങ്ങൾക്ക് ഉപകാരിയുമായ വ്യക്തിയായിരുന്നു. ഖിലാഫത്തിന്റെ അനുസാരിയും ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കാൻ സദാസമയവും സന്നദ്ധനായ വ്യക്തിയുമായിരുന്നു. ഭാര്യയും ഒരു മകളുമാണുള്ളത്. അറബ് ഡെസ്കിലുള്ള ചിലർ എനിക്കെഴുതുന്നു. ജമാഅത്തിനെ വളരെയധികം സ്നേഹിക്കുന്ന അഗാധജ്ഞാനമുള്ള വ്യക്തിയായിരുന്നു. യഥാർത്ഥ്യവുമാണ്. രാഷ്ട്രത്തിന്റെ അകത്തും പുറത്തുമുള്ള ജമാഅത്തിന്റെ അവസ്ഥയെ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. ധീരനായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ പ്രയത്നിക്കുന്നതിനായി ആരെയും ഭയപ്പെട്ടിരുന്നില്ല. വളരെ ദയാലുവും ധൈര്യവാനും സൽ സ്വഭാവിയുമായിരുന്നു. നവ അഹ്മദികൾക്ക് വാൽസല്യ നിധിയായ പിതാവിനെപോലെയായിരുന്നു. ഇത് സത്യമാണ്. പല നവ അഹ്മദികളും എനിക്കെഴുതുമായിരുന്നു. അദ്ദേഹം പലപ്പോഴും അവരെ കാണുന്നതിനും ഖിലാഫത്തുമായി ബന്ധപ്പെടുത്തുന്നതിനും 500 മൈലുകളോളം യാത്ര ചെയ്യുമായിരുന്നു. ഹജ്ജിനും ഉംറക്കുമുള്ള ഭാഗ്യവും ലഭിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു കുർത്ത അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. അത് ധരിച്ച് അദ്ദേഹം കഅബാ മന്ദിരത്തിനടുത്ത് നമസ്കരിച്ചു. അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു. അദ്ദേഹത്തോടൊപ്പം 32 വർഷം കഴിഞ്ഞു. എന്നാൽ ഒരിക്കലും തന്നെ ഒരു മിനിറ്റുപോലും പാഴാക്കുന്നതായി കണ്ടിട്ടില്ല. അനുകമ്പയുള്ള വ്യക്തിയും എല്ലാവരേയും സ്നേഹിക്കുന്ന വ്യക്തിയും ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും യഥാർത്ഥ സേവകനും ഖിലാഫത്തിനോട് അങ്ങേയറ്റം വിശ്വാസവും ജീവാർപ്പണം ചെയ്യാൻ സന്നദ്ധനായ വ്യക്തിയും ദുആ ചെയ്യുന്ന വ്യക്തിയും സത്യവാനുമായിരുന്നു. ഈ എഴുതിയതിൽ ഒരു അതിശയോക്തിയുമില്ല. അദ്ദേഹം തന്റെ വഖ്ഫിന്റെ ജീവിതം വ്യവസ്ഥാപിതമായ നിലയിൽ കൃത്യനിഷ്ഠതയിൽ കഴിച്ചുകൂട്ടി. 40 വർഷത്തിലധികമായി ഒമ്പതിലൊരുഭാഗത്തിന്റെ മൂസിയായിരുന്നു. ജീവിതത്തിൽ പ്രഥമം ഖിലാഫത്തും പിന്നീട് കുടുംബവും അതിനുശേഷമാണ് മറ്റെല്ലാമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. വഫാത്തിന് ശേഷം ഹാശിം സാഹിബിന്റെ ഡയറി നോക്കിയപ്പോൾ ചില സ്വപ്നങ്ങൾ എഴുതിയിരിക്കുന്നതായി കണ്ടു. ഒരു സ്വപ്നം എഴുതുന്നു. ഒരു രാത്രി നാല് പ്രവാശ്യം നബി (സ) യെ സിയാറത്ത് ചെയ്തു. ആദ്യത്തെ തവണ നബി (സ) യുടെ മുഖം സൂര്യനെപ്പോലെ തിളങ്ങുന്നതായിരുന്നു. കയ്യിൽ ഒരു മോതിരം ധരിച്ചിരുന്നു. അതിൽ നിന്ന് പ്രകാശിക്കുന്ന കിരണങ്ങൽ പുറപ്പെടുന്നുണ്ടായിരുന്നു. തലയിണയിൽ ചാരിയിരുന്ന് എന്തോ വായിക്കുകയായിരുന്നു. ആ മോതിരത്തിൽ നിന്ന് ശക്തമായ പ്രകാശം പുറപ്പെടുന്നുണ്ടായിരുന്നു.

രണ്ടാമത്തെ സ്വപ്നത്തെക്കുറിച്ച് എഴുതുന്നു. അമ്മാജാൻ താമസിക്കുന്ന ഒരു വീട്ടിലാണ് ഞാൻ. അവർ എന്നോട് വളരെ സ്നേഹത്തോടും വാൽസല്യത്തോടും പെരുമാറുന്നു. വളരെ പ്രസന്നവദയായി സ്വാഗതം പറയുന്നു. പകലിന്റെ ആദ്യഭാഗം ഞാനവരോടൊപ്പം കഴിച്ചുകൂട്ടുന്നു. ഈ സമയമത്രയും ഹദ്റത്ത് അമ്മാജാൻ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിലെ അനേകം സംഭവങ്ങൾ കേൾപ്പിക്കുന്നു. പിന്നീട് അഞ്ചാറ് മണിക്കൂർ കഴിഞ്ഞപ്പോൾ സ്വപ്നത്തിൽ തന്നെ ഹദ്റത്ത് അമ്മാജാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) വീട്ടിൽ എത്തുന്നു. മുഴുവൻ ദിവസം അവിടെ അവരോടൊപ്പം കഴിച്ചുകൂട്ടുന്നു. അങ്ങിനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിലെ ധാരാളം സംഭവങ്ങൾ അവർ കേൾപ്പിച്ചു. ചില കേസുകളെക്കുറിച്ചും പറഞ്ഞു. ഇത് നടന്നപ്പോൾ അല്ലാഹു എന്നോട് ഇന്നത് പറഞ്ഞു എന്നും പറഞ്ഞു.പിന്നീട് വെളിപാടിന്റെ ഇറക്കത്തെ സംബന്ധിച്ചും അവസ്ഥയെക്കുറിച്ചും പറഞ്ഞുതന്നു. വെളിപാടിന്റെ വാക്കുകളും പറഞ്ഞുതന്നു. പിന്നീട് വൈകുന്നേരം ഞാനവിടെനിന്ന് മടങ്ങി. സ്വപ്നത്തിൽ സംഭാഷണങ്ങൾ വാക്കുകളുടെ രൂപത്തിലല്ല മറിച്ച് അനുഭവത്തിലൂടെയാണ് നടന്നത്. ഒരു രൂപവും കണ്ടിരുന്നുമില്ല.

അതുപോലെ അദ്ദേഹം സ്വപ്നത്തിൽ എന്നെ കണ്ടു. ഞാൻ മരിച്ചുപോയി എന്നെന്നോട് പറയുന്നു. താങ്കൾ എന്റെ ജനാസ നമസ്കരിച്ചു. അപ്പോൾ ഞാൻ പറഞ്ഞു. ഇത് സത്യമാണ്.പോയി ഭക്ഷണം കഴിക്കുക എന്ന് പറഞ്ഞു. അപ്പോൾ എന്റെ കണ്ണ് തുറന്നു.

അല്ലാഹു അദ്ദേഹത്തെ ജന്നത്തുൽ ഫിർദൗസിൽ ആതിഥ്യം നൽകി അനുഗ്രഹിക്കട്ടെ.

ഒരു നീണ്ട കാലം അദ്ദേഹം യു.കെ.യിൽ കഴിയുകയും ജമാഅത്തിന് സേവനം അനുഷ്ഠിക്കുകയും ചെയ്തു. ആദ്യം ഖലീഫത്തുൽ മസീഹ് റാബിഅ്(റ) അദ്ദേഹത്തിന് ഇംഗ്ലണ്ടിൽ നിന്ന് പുറത്തുപോകുന്നതിനുള്ള അനുമതി നൽകിയിരുന്നില്ല. വിവിധ സ്ഥലങ്ങളിൽ നിന്ന് അദ്ദേഹത്തിന് നല്ല ജോലിക്കായി വിളിച്ചിരുന്നു. എന്നാൽ ഇംഗ്ലണ്ടിൽ തന്നെ നിൽക്കുക എന്ന് പറഞ്ഞു. വിദ്യാസമ്പന്നനായിരുന്നു. സ്വന്തം തൊഴിലിൽ നിപുണനായിരുന്നു. പിന്നീട് 2000 ൽ അദ്ദേഹത്തിന് അനുവാദം നൽകി. വിദ്യാസമ്പന്നനും സ്വന്തം തൊഴിലിൽ നിപുണനായിരുന്നിട്ടുപോലും ഞാൻ കുറേ പഠിച്ചതാണെന്ന അഹംഭാവം ഉണ്ടായിരുന്നില്ല. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) വഫാത്തായ സമയത്ത് അദ്ദേഹവുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. പാകിസ്ഥാനിൽ നിന്ന് ഞാൻ ഇവിടെ വന്നപ്പോൾ. ജനാസക്ക് മുമ്പായി. ഒരു വ്യക്തി വളരെ എളിമയോടുകൂടി വിളംബരങ്ങൾ എഴുതിക്കൊണ്ടുവന്നിരുന്നു. എം.ടി.എയിൽ നൽകുന്നതിനായി. ഏതെങ്കിലും വാക്ക് ഇങ്ങനെയല്ല വേണ്ടതെന്നോ മറ്റോ പറഞ്ഞാൽ യാതൊരു ഭാവഭേദവുമില്ലാതെ ഉടൻ അനുസരിച്ചിരുന്നു. എന്റെ ജീവിതം മുഴുവനും ഞാനിവിടെ കഴിച്ചുകൂട്ടി, ഞാൻ വിദ്യാസമ്പന്നനാണ്, ഇക്കാര്യത്തിൽ എനിക്ക് പ്രാവീണ്യമുണ്ട്, ഇതാണ് ശരിയായ വാക്കുകൾ എന്നൊരിക്കലും പറഞ്ഞില്ല. അദ്ദേഹത്തിന്റെ വിനയവും എല്ലാവർക്കും മാതൃകയായിരുന്നു. ഖിലാഫത്തിന്റെ അനുസരണവും സ്നേഹവും മാതൃകയായിരുന്നു. റിട്ടയറാകുന്നതിനുമുമ്പ്തന്നെ അദ്ദേഹം എന്നോട് പറഞ്ഞു. ജോലി ഞാൻ ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ എന്റെ ഒരു നീണ്ട കാലത്തെ അഭിലാഷമാണ് ജീവിതം വഖ്ഫ് ചെയ്യുക എന്നത്. യഥാർത്ഥ്യമിതു തന്നെയാണ്. എപ്പോഴും ഞാൻ വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് എന്നോട് പറഞ്ഞിരുന്നു. എന്നാൽ താങ്കൾ ഇപ്പോൾ എവിടെയാണോ അവിടെ താങ്കളുടെ ആവശ്യമുണ്ട്. സ്വന്തം വഖ്ഫാണെന്ന് ധരിച്ചുകൊള്ളുക എന്ന് ഞാൻ പറയുകയുണ്ടായി. അദ്ദേഹം ചെയ്തിരുന്ന ജോലി ഒരു വഖ്ഫെ സിന്ദഗിയേക്കാൾ കൂടുതലായിരുന്നു. എല്ലാവർഷവും എന്നെ

ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുമായിരുന്നു. ഇപ്പോൾ അദ്ദേഹം റിട്ടയറായി. വീണ്ടും അദ്ദേഹത്തിന് കോൺട്രാക്റ്റ് കിട്ടിയിരുന്നു. ജോലിയുള്ളിടത്തോളം കാലം അവിടെ താമസിക്കുക, അവിടെ താങ്കളുടെ ആവശ്യമുണ്ട് എന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. എല്ലാ ജോലിയും മാശാ അല്ലാഹ് വളരെ ധൈര്യത്തോടും ഹിക്മത്തോടും കൂടി ചെയ്യുമായിരുന്നു. അദ്ദേഹം മുഖേന പല ബൈഅത്തുകളും ഉണ്ടായിട്ടുണ്ട്. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലുള്ളവരുമായി അദ്ദേഹം ബന്ധപ്പെടുമായിരുന്നു. കണക്കിലും അക്കൗണ്ടിലും സമർത്ഥനായിരുന്നു. അതുകൊണ്ട് അവിടങ്ങളിലെ ജമാഅത്തിന്റെ കണക്കുകളിൽ എനിക്ക് യാതൊരു ചിന്തയുമില്ലായിരുന്നു. കൂടാതെ പലപ്പോഴെല്ലാം ഏതെങ്കിലും സുപ്രധാന കാര്യങ്ങൾക്കായി അല്ലെങ്കിൽ പരിഹാരത്തിനായി അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ടോ അപ്പോഴെല്ലാം വളരെ ഭംഗിയായി അദ്ദേഹം അത് നിർവഹിച്ചിരുന്നു. അധികവും ഇവിടെ വരാറുണ്ടായിരുന്നു. വന്നു കഴിഞ്ഞാൽ ക്ഷീണമാണ് വിശ്രമിക്കാം എന്നു കരുതാതെ പള്ളിയിലേക്കെത്തുമായിരുന്നു. ഇവിടെയുണ്ടാകുന്ന ദിവസമത്രയും പള്ളിയിൽ വന്ന് നമസ്ക്കരിക്കുമായിരുന്നു. അതിനായി ഇവിടടുത്തായി അദ്ദേഹം വീട് വാങ്ങിയിരുന്നു.

സംക്ഷിപ്തമായി പറയുകയാണെങ്കിൽ ഖിലാഫത്തിന്റെ സഹായികളിൽ പെട്ട വ്യക്തിയായിരുന്നു. അദ്ദേഹം യഥാർത്ഥ സുൽതാൻ നസീറിന്റെ സാക്ഷ്യമായിരുന്നു. അദ്ദേഹത്തിന്റെ വിടവാങ്ങളിലൂടെ വലിയ വിടവാണ് ഉണ്ടായിരിക്കുന്നത്. അല്ലാഹു ഇങ്ങിനെയുള്ള തഖ്‌വയുള്ള സേവനം ചെയ്യുന്ന ജോലിക്കാരെ ഖിലാഫത്തിന് എപ്പോഴും നൽകിക്കൊണ്ടിരിക്കട്ടെ. നമ്മെ സ്നേഹിക്കുന്ന നമ്മുടെ അല്ലാഹുവിൽ പ്രതീക്ഷയുണ്ട്. ഇദ്ദേഹത്തെപ്പോലെയുള്ള ലക്ഷക്കണക്കിന് സുൽതാൻ നസീർ നൽകിക്കൊണ്ടിരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അദ്ദേഹത്തിന് അല്ലാഹു തന്റെ പ്രിയരുടെ അടുത്ത് സ്ഥാനം നൽകട്ടെ. അദ്ദേഹത്തിന്റെ സേവനചരിത്രവും ജീവചരിത്രവും വളരെ നീണ്ടതാണ്. അതറിയുന്നവർ അദ്ദേഹത്തിനെക്കുറിച്ചെഴുതും എന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു യു.കെ. ജമാഅത്തിനും അദ്ദേഹത്തെപ്പോലെയുള്ള നിസ്വാർത്ഥ സേവകനെ നൽകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയുടേയും മകളുടേയും സംരക്ഷകനുമാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 August 24 at : Baitul Futuh London
Translation: T.M.Abdul Mujeeb, Kakkanad

Typing: M.P.Abdul Latheef,Kozhikode
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**